**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 849** **06-12-2022 - ൽ മറുപടിയ്ക്ക്**

**ജില്ലകളിൽ നവോത്ഥാന കേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | നവോത്ഥാന നായകരുടെ നാമധേയത്തിൽ ജില്ലകളിൽ നവോത്ഥാന കേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതിയുടെ വിശദവിവരവും നിലവിലെ സ്ഥിതിയും അറിയിക്കുമോ; | (എ) | കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി 2016-17 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും, നവോത്ഥാന നായകരുടെ നാമധേയത്തിൽ ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>നാടിന്റെ കലാസംസ്കാരിക രംഗം ചലനാത്മകമാക്കാനുതകുന്ന ഈ പദ്ധതി രാജ്യത്ത് ഇദംപ്രഥമമാണ് എന്നു കരുതുന്നു. നൃത്ത-സംഗീത-നാടകങ്ങൾ, നാടോടി അനുഷ്ഠാന കലാരൂപങ്ങൾ, ചിത്രശില്പ രചനകൾ തുടങ്ങി എല്ലാവിധ കലാസാഹിത്യ പ്രവർത്തനങ്ങൾക്കും ഒരു സജീവ പ്രയോഗ കേന്ദ്രമായി ഈ സമുച്ചയങ്ങൾ മാറുന്നതാണ്. മാനുഷികത, സാഹോദര്യം, ജനാധിപത്യം തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമായതും കേരളത്തിന്റെ തനത് സാംസ്കാരിക മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതുമാവും ഈ സാംസ്കാരിക സമുച്ചയങ്ങൾ.<br><br>ഓരോ സമുച്ചയത്തിലും നൃത്ത-സംഗീത-നാടക ശാലകൾ, ആഡിറ്റോറിയങ്ങൾ, ചലച്ചിത്ര പ്രദർശന ഹാളുകൾ, ഗ്രന്ഥശാലകൾ, ശില്പികൾക്കും കരകൗശല വിദഗ്ധർക്കുമുള്ള പണിപ്പുരകൾ, കലാസൃഷ്ടി പ്രദർശന ശാലകൾ, ഹ്രസ്വകാല താമസ സൗകര്യങ്ങൾ, ഓപ്പൺ എയർ ഓഡിറ്റോറിയം, ശില്പോദ്യാനം തുടങ്ങിയവയാണ് സജ്ജീകരിക്കുന്നത്.<br><br>കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) ധനസഹായത്തോടെ ഓരോ ജില്ലയിലും 3 മുതൽ 5 ഏക്കർ വരെ ഭൂമി |

| | | | |
|---|---|---|---|
| | | | കണ്ടെത്തി 50 കോടി രൂപ വീതം ചെലവഴിച്ച് ആകെ 700 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>പദ്ധതിയുടെ നിലവിലെ സ്ഥിതി അനുബന്ധം-എ ആയി ചേർത്തിട്ടുണ്ട്. |
| (ബി) | ആലപ്പുഴ ജില്ലയിൽ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന 5 ഏക്കർ സ്ഥലത്ത് പി.കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം സ്ഥാപിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ആലപ്പുഴ ജില്ലയിൽ പി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കാനുദ്ദേശിക്കുന്നത് നിലവിൽ ആരോഗ്യവകുപ്പിന്റെ കൈവശമുള്ള 5 ഏക്കർ ഭൂമിയിലാണ്. ഭൂമിയുടെ കൈവശാവകാശം സാംസ്കാരിക വകുപ്പിന് കൈമാറിയിട്ടില്ല. ഇതിന് വേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-എ**

## സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണപുരോഗതി സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട്

| ജില്ല | നിലവിലെ സ്ഥിതി |
|---|---|
| തിരുവനന്തപുരം | സർക്കാർ ഭൂമി കണ്ടെത്തുന്നതിന് ജില്ലാഭരണകൂടത്തിന്റെ സഹായത്തോടെ ശ്രമങ്ങൾ നടത്തി വരുന്നു. |
| കൊല്ലം | നിർമ്മാണപ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. |
| പത്തനംതിട്ട | കണ്ടെത്തിയ ഭൂമിയുടെ അനുയോജ്യത പരിശോധിച്ച് വരുന്നു. |
| ആലപ്പുഴ | സ്ഥലം കൈമാറ്റ നടപടികൾ പുരോഗമിക്കുകയാണ്. |
| കോട്ടയം | സ്ഥലം കൈമാറ്റ നടപടികൾ പുരോഗമിക്കുകയാണ്. |
| ഇടുക്കി | സർക്കാർ ഭൂമി കണ്ടെത്തുന്നതിന് ജില്ലാഭരണകൂടത്തിന്റെ സഹായത്തോടെ ശ്രമങ്ങൾ നടത്തി വരുന്നു. |
| എറണാകുളം | സർക്കാർ ഭൂമി കണ്ടെത്തുന്നതിന് ജില്ലാഭരണകൂടത്തിന്റെ സഹായത്തോടെ ശ്രമങ്ങൾ നടത്തി വരുന്നു. |
| തൃശ്ശൂർ | സ്ഥലം കൈമാറ്റ നടപടികൾ പുരോഗമിക്കുകയാണ്. |
| പാലക്കാട് | പെർഫോമൻസ്, ഓപ്പൺ എയർ തീയേറ്റർ ബ്ലോക്കുകളുടെ നിർമ്മാണം അവസാനഘട്ടത്തിലും എക്സിബിഷൻ/എൻട്രൻസ് ബ്ലോക്കിന്റെ നിർമ്മാണം ആരംഭഘട്ടത്തിലുമാണ്. |
| മലപ്പുറം | സാങ്കേതിക അനുമതിക്കായുള്ള നടപടികൾ നടന്നുവരുന്നു. |
| കോഴിക്കോട് | സ്ഥലം കൈമാറ്റ നടപടികൾ പുരോഗമിക്കുകയാണ്. |
| കണ്ണൂർ | സ്ഥലം കൈമാറ്റ നടപടികൾ പുരോഗമിക്കുകയാണ്. |
| വയനാട് | സർക്കാർ ഭൂമി കണ്ടെത്തുന്നതിന് ജില്ലാഭരണകൂടത്തിന്റെ സഹായത്തോടെ ശ്രമങ്ങൾ നടത്തി വരുന്നു. |
| കാസർഗോഡ് | നിർമ്മാണപ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. |